# കേരള കാർഷികസർവകലാശാല

## പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം പിലിക്കോട്

കാസറഗോഡ്-671310, 0467 226 0632, rarspil@kau.in


**ബി2-5103/2023** **തീയതി: 11.12.2023**

## ടെണ്ടർ നോട്ടീസ്

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ 2024 ജനവരി 4 മുതൽ 14 വരെ നടത്തുന്ന 'ആർ.എ.ആർ.എസ് ഫാം കാർണിവൽ -2023' എന്ന പ്രദർശന മേളയുടെ ഭാഗമായി 40 വാണിജ്യ സ്റ്റാളുകൾ ഒരുമിച്ച് ഏറ്റെടുത്ത് നടത്തുന്നതിന് താത്പര്യമുള്ള സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള മുദ്രവെച്ച ടെണ്ടറുകൾ ക്ഷണിച്ചു കൊള്ളുന്നു.

| | |
|---|---|
| ടെണ്ടർ പരസ്യ നമ്പർ | B2-5103/2023 |
| ടെണ്ടർ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി | 21.12.2023, 03.00 മണി |
| ടെണ്ടർ തുറക്കുന്ന തീയതി | 21.12.2023, 03.30 മണി |
| ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽ വിലാസവും | അസോസിയേറ്റ് ഡയറക്ടർ, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട് |
| ടെണ്ടർ അടക്കം ചെയ്ത കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടത്. | "സ്റ്റാളുകൾ ഒരുമിച്ച് ഏറ്റെടുത്ത് നടത്തുന്നതിനുള്ള ടെണ്ടർ" |
| നിരത ദ്രവ്യം | 4300/- രൂപ |
| ടെണ്ടർ വില | ക്വോട്ട് ചെയ്യുന്ന വിലയുടെ 0.2% (കുറഞ്ഞത് 1000/- രൂപ) |
| ജി.എസ്.ടി | ടെണ്ടർ വിലയുടെ 18% |

**വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.**

| | | |
|---|---|---|
| സ്റ്റാളിന്റെ വലുപ്പം | : | 10 ft x 10 ft |
| (ഷേഡ് നെറ്റ് കൊണ്ട് 3 വശവും മറച്ചിട്ടുള്ള സ്റ്റാളുകളാണ് ലഭ്യമാക്കുക) | | |
| മേശ | : | 1 |
| കസേര | : | 1 |
| പ്ലഗ് പോയിന്റ് | : | 1 (500 വാട്ടിനു താഴെ) |
| അടിസ്ഥാന വില | : | 9000 + 18% GST |
| സ്റ്റാളുകളുടെ പ്രവർത്തന സമയം | : | 9 മണി മുതൽ 5 മണിവരെ |

- മുകളിൽ പറഞ്ഞ സൗകര്യങ്ങൾ ഓരോ സ്റ്റാളുകളിലും ലഭ്യമാക്കുന്നതാണ്. കൂടുതൽ സൗകര്യങ്ങൾ ആവശ്യമുള്ളവർ സ്വന്തം ചെലവിലോ പ്രാദേശികമായോ ഏർപ്പാടാക്കേണ്ടതാണ്.
- ഊൺ, ബിരിയാണി, ചായ, ലഘുപലഹാരങ്ങൾ, കാർഷിക നഴ്സറികൾ എന്നിവയുമായി ബന്ധപ്പെട്ട സ്റ്റാളുകൾ മുകളിൽ സൂചിപ്പിച്ച 40 സ്റ്റാളുകളിൽ ഉൾപ്പെടാൻ പാടില്ല.
- ➢ സുരക്ഷ സംബന്ധിച്ച് ആവശ്യമായ മുൻകരുതലുകളും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് നൽകേണ്ട അനുമതിയും ടെണ്ടർ നൽകേണ്ടവർ നേടേണ്ടതാണ്.
- ➢ ടെണ്ടർ സമർപ്പിക്കുന്ന വ്യക്തിയുടെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

- ടെണ്ടർ ലഭിക്കുന്ന ആൾക്കും കൂടെയുള്ള തൊഴിലാളികൾക്കും ഈ സ്ഥാപനത്തിന്റെ, ഫോട്ടോപതിപ്പിച്ച തിരിച്ചറിയൽ കാർഡ് നിർബന്ധമാണ്. ഇത് ലഭിക്കുന്നതിനായി ഫോട്ടോയും തിരിച്ചറിയൽ കാർഡുകളും എക്സിബിഷൻ തുടങ്ങുന്നതിന് ഒരാഴ്ച മുൻപ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്.
- ടെണ്ടർ സമർപ്പിക്കുന്നതിനു മുൻപ് സ്ഥലം കണ്ടറിയുന്നതിനായി കേന്ദ്രം സന്ദർശിക്കാവുന്നതാണ്.
- ടെണ്ടർ ലഭിക്കുന്ന വ്യക്തി മുഴുവൻ തുകയും ഡിസംബർ 23 -നകം ഓഫീസിൽ നിർബന്ധമായും അടയ്ക്കേണ്ടതാണ്. യാതൊരു സാഹചര്യത്തിലും തുക അടയ്ക്കാനുള്ള സമയം നീട്ടിതരികയോ അടച്ച തുക തിരികെ നൽകുകയോ ചെയ്യുന്നതല്ല.

**ടെണ്ടർ സംബന്ധിച്ച മറ്റു നിബന്ധനകൾ**

- www.kau.in, rarspil.kau.in/tenders എന്നീ ലിങ്കിൽ നിന്നും ടെണ്ടർ ഫോം ഡൗൺലോഡ് ചെയ്ത് മറ്റ് രേഖകൾ ഉൾപ്പെടെയാണ് സമർപ്പിക്കേണ്ടത്.
- അടിസ്ഥാന വിലയേക്കാൾ ഏറ്റവും കൂടിയ നിരക്ക് രേഖപ്പെടുത്തുന്നവർക്കായിരിക്കും ടെണ്ടർ ഉറപ്പിക്കുന്നത്.
- സുരക്ഷാ സംബന്ധമായ എല്ലാ ഉത്തരവാദിത്തങ്ങളും ടെണ്ടർ ലഭിക്കുന്ന വ്യക്തിക്കായിരിക്കും.
- നിരത ദ്രവ്യം അസോസിയേറ്റ് ഡയറക്ടറുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ്/പണം ഓഫീസിൽ നേരിട്ട് ഒടുക്കിയ രസീത് ആയവ മാത്രമേ സ്വീകരിക്കുകയുള്ളൂ.
- ആദ്യം പൊതുലേലവും തുടർന്ന് ടെണ്ടർ തുറക്കുന്നതും, ആവശ്യമെങ്കിൽ അന്നേ ദിവസം തന്നെ സന്നിഹിതരായവരുടെ പുനർ ലേലവും നടത്തുന്നതാണ്.
- സ്റ്റാളുകളിൽ ലഹരിപദാർത്ഥങ്ങൾ വിപണനം ചെയ്യുകയോ ഉപയോഗിക്കുവാനോ പാടില്ല.
- ആവശ്യമായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും ലൈസൻസ് നേടാതെയും പ്രവർത്തിക്കുന്ന പക്ഷം ലേലം നേടിയ ശേഷം എപ്പോഴെങ്കിലും ആയതിന്റെ പ്രവർത്തനാനുമതി മുന്നറിയിപ്പില്ലാതെ പിൻവലിക്കുന്നതും നിരത ദ്രവ്യം ലേലത്തുക എന്നിവ സർവകലാശാലയിലേക്ക് മുതൽക്കൂട്ടുന്നതുമായിരിക്കും.
- കാരണം കാണിക്കാതെയും യാതൊരു മുന്നറിയിപ്പില്ലാതെയും പ്രവർത്തനാനുമതി റദ്ദ് ചെയ്യാനുള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.
- നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ടെണ്ടറുകൾ പരിഗണിക്കുന്നതല്ല.
- 200/- രൂപ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി സഹിതം നിർദിഷ്ട ഫോറത്തിൽ തയ്യാറാക്കി ടെണ്ടറുകൾ സമർപ്പിക്കാവുന്നതാണ്.
- ടെണ്ടർ സമർപ്പിച്ചവർക്ക് ഏറ്റവും കൂടിയ നിരക്കിലുള്ള ടെണ്ടർ തൃപ്തികരമെങ്കിൽ സ്വീകരിക്കുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ തന്നെ ഏറ്റവും കൂടിയ നിരക്കിലുള്ള ടെണ്ടർ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഈ ഓഫീസ് മേധാവിക്ക് അധികാരമുണ്ടായിരിക്കും.
- ടെണ്ടർ ഉറപ്പിക്കുന്ന വ്യക്തി ഈ ഓഫീസിൽ നിന്നുള്ള ഓർഡർ/നിർദേശങ്ങൾ അനുസരിച്ച് പൂർണ്ണ ഉത്തരവാദിത്വത്തോടെ ജോലി ഏറ്റെടുത്ത് ചെയ്യാൻ ബാധ്യസ്ഥനാണ്. അല്ലാത്ത പക്ഷം നിരത ദ്രവ്യം സർവകലാശാലയിൽ മുതൽ കൂട്ടുന്നതും തക്കതായ നടപടികൾ സ്വീകരിക്കുന്നതുമാണ്.
- സർക്കാർ ടെണ്ടറിലെ എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്. നികുതികൾ ബാധകമെങ്കിൽ അത് ടെണ്ടർ ലഭിച്ച വ്യക്തിയിൽ നിന്നും ഈടാക്കുന്നതാണ്.

- ടെണ്ടർ കാലയളവിൽ സ്വീകരിച്ചിരിക്കുന്ന നിരക്ക് യാതൊരു കാരണവശാലും കുറയ്ക്കുന്നതല്ല
- www.kau.in, rarspil.kau.in എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്ന ഫോർമാറ്റിലുള്ള 200/- രൂപയുടെ (ഇരുനൂറ് രൂപ മാത്രം) കേരള സ്റ്റാമ്പ് പേപ്പറിലുള്ള ഒരു എഗ്രിമെന്റും ടെൻഡറിനൊപ്പം സമർപ്പിക്കേണ്ടതാണ്.
- ടെണ്ടർ ഫോമിന്റെ വില, ജി.എസ്.ടി, ഇ.എം.ഡി എന്നിവ വെവ്വേറെ ഡി.ഡി ആയി ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്.
- ടെണ്ടർ ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ: 7306234758/ 9447333968.

ഒപ്പ്/-
ഡോ.വനജ.ടി
അസോസിയേറ്റ് ഡയറക്ടർ

പകർപ്പ്:

1. പഞ്ചായത്ത് ഓഫീസ് പിലിക്കോട്/ചെറുവത്തൂർ, നീലേശ്വരം മുനിസിപ്പാലിറ്റി
2. നോട്ടീസ് ബോർഡ്, ഓഫീസ്/ഫാം
3. അസോസിയേറ്റ് പ്രൊഫസർ i/c ഫാം
4. ഫാം സൂപ്രണ്ട്
5. ശ്രീ.പ്രണവ്.എം.എസ്, സ്കിൽഡ് അസിസ്റ്റന്റ് d/w
6. വെബ്സൈറ്റ്/ ആർ.എ.ആർ.എസ് വാട്ട്സാപ്പ് ഗ്രൂപ്പ്

// അംഗീകാരത്തോടെ//

സെക്ഷൻ ഓഫീസർ

OFFICE OF THE ASSOCIATE DIRECTOR
REGIONAL AGRL. RESEARCH STATION (NZ)
Date. 11/12/23
PILICODE-671310